തിരുവിതാംകൂർ ദേവസ്വം ബോർഡ്

e-mail : itdivision.tdb@kerala.gov.in , www.travancoredevaswomboard.org

Roc.21372/23/IT

ദേവസ്വം കമ്മിഷണർ ഓഫീസ്
തിരുവനന്തപുരം
26/11/2026

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ–

തിരുവനന്തപുരം,കൊല്ലംനെയ്യാറ്റിൻകര,
വർക്കല,കരുനാഗപ്പള്ളി,അമ്പലപ്പുഴ
ആറന്മുള,പറവൂർ,തൃക്കാരിയൂർ
മുണ്ടക്കയം.

വിഷയം: കൊല്ലവർഷം 1202 ശബരിമല മണ്ഡലം–മകരവിളക്ക് മഹോത്സവം – കമ്പ്യൂട്ടർവൽക്കൃത വഴിപാട് കൗണ്ടറുകളിൽ സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ ഹാജരാകാത്തത് സംബന്ധിച്ച്.

സൂചന: ശബരിമല എക്സിക്യൂട്ടീവ് ഓഫീസറുടെ 24/11/2026 –ലെ EOP.622/26/ശബ നമ്പർ റിപ്പോർട്ട്.

ശബരിമല കൊല്ലവർഷം 1202 മണ്ഡലം – മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് വഴിപാട് കൗണ്ടറുകൾ, അന്നദാന മണ്ഡപം എന്നിവിടങ്ങളിൽ പി.ഒ.എസ്. (POS) മെഷീനുകൾ സ്ഥാപിച്ചതിന്റെ അടിസ്ഥാനത്തിൽ വഴിപാട് കൗണ്ടറുകൾ, ഡൊണേഷൻ കൗണ്ടറുകൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിനായി സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരിൽ നാളിതുവരെ ശബരിമല എക്സിക്യൂട്ടീവ് ഓഫീസിൽ ഹാജരാകാത്തവരുടെ വിവരം സൂചന കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതും പ്രസ്തുത സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

മതിയായ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ജീവനക്കാരുടെ അഭാവം മൂലം ശബരിമലയിലെ വിവിധ വഴിപാട് കൗണ്ടറുകളും, ഡൊണേഷൻ കൗണ്ടറുകളും പ്രവർത്തിപ്പിക്കാൻ കഴിയാത്ത സ്ഥിതിയായതിനാൽ ആയത് ഡിപ്പാർട്ട്മെന്റിന്റെ വരുമാനച്ചോർച്ചയ്ക്ക് ഇടവരുത്തുന്നതാണ്. കൂടാതെ, ശബരിമലയിലെ പി.ഒ.എസ്. (POS) കൗണ്ടറുകളുടെ പ്രവർത്തനവും വഴിപാട്/ഡൊണേഷൻ സംവിധാനങ്ങളും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നേരിട്ടുള്ള നിരീക്ഷണത്തിലുള്ള വിഷയമായതിനാൽ ഇക്കാര്യത്തിൽ യാതൊരുവിധ കാലതാമസമോ വീഴ്ചയോ ഉണ്ടാകാൻ പാടുള്ളതല്ല.

ആകയാൽ, താങ്കളുടെ അധികാരപരിധിയിൽ സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള ഈ ജീവനക്കാരിൽ ഇനിയും റിലീവ് ചെയ്യാത്തവരെ അടിയന്തരമായി റിലീവ് ചെയ്ത് ശബരിമല സ്പെഷ്യൽ ഡ്യൂട്ടിക്ക് ഹാജരാകുന്നതിന്

നിർദ്ദേശം നൽകി അയക്കുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഇക്കാര്യത്തിലുണ്ടായ കാലതാമസത്തിനുള്ള താങ്കളുടെ വിശദീകരണം 28/11/2026-ന് മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ദേവസ്വം കമ്മിഷണർ

പകർപ്പ്: എക്സിക്യൂട്ടീവ് ഓഫീസർ , ശബരിമല

26/11/26

സ്വാമി ശരണം

തിരുവിതാംകൂർ ദേവസ്വം ബോർഡ്

cosabarimala@gmail.com

ഇ.ഒ.പി. നമ്പർ : 622/26/ശബ.

എക്സിക്യൂട്ടീവ് ഓഫീസ്
ശബരിമല
24-11-2026

ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്

സർ,

വിഷയം : കൊല്ലവർഷം 1202 ശബരിമല മണ്ഡലം - മകരവിളക്ക് മഹോത്സവം : കമ്പ്യൂട്ടർ വൽകൃത വഴിപാട് കൗണ്ടർ സ്പെഷ്യൽ ഡ്യൂട്ടി ജീവനക്കാർ ഹാജരാകാത്തത് സംബന്ധിച്ച്.

സൂചന : (1) ദേവസ്വം കമ്മീഷണർ ഓഫീസിലെ 12-11-2026 ലെ ആർ.ഒ.സി. 20/2017/ ഐ.ടി നമ്പർ ഉത്തരവ്.

(2) ദേവസ്വം കമ്മീഷണർ ഓഫീസിലെ 18-11-2026 ലെ ആർ.ഒ.സി. 20/2017/ ഐ.ടി നമ്പർ ഉത്തരവ്.

(3) ദേവസ്വം കമ്മീഷണർ ഓഫീസിലെ 19-11-2026 ലെ ആർ.ഒ.സി. 20/2017/ ഐ.ടി നമ്പർ ഉത്തരവ്

ശബരിമല കൊല്ലവർഷം 1202 മണ്ഡലം - മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് വഴിപാട് കൗണ്ടറുകൾ, അന്നദാന മണ്ഡപം എന്നിവിടങ്ങളിൽ പി.ഒ.എസ്. മെഷീനുകൾ സ്ഥാപിച്ചതിന്റെ അടിസ്ഥാനത്തിൽ വഴിപാട് കൗണ്ടറുകൾ, ഡൈനേഷൻ കൗണ്ടറുകൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിനായി സൂചന (1), (2) ഉത്തരവുകൾ പ്രകാരം നിയോഗിച്ചിട്ടുള്ള ജീവനക്കാരിൽ നാളിതുവരെ സ്പെഷ്യൽ ഡ്യൂട്ടിക്ക് ശബരിമല എക്സിക്യൂട്ടീവ് ഓഫീസിൽ ഹാജരാകാത്തവരുടെ വിവരം പ്രത്യേകം സ്റ്റേറ്റ്മെന്റായി ഇതോടൊപ്പം ചേർത്തുകൊള്ളുന്നു.

പ്രസ്തുത ഡ്യൂട്ടി ലിസ്റ്റിൽ **മാവേലിക്കര** ഗ്രൂപ്പിലെ പുതിയിടം ദേവസ്വം പാർട്ട് ടൈം തളി **ശ്രീ. നിധീഷ്**, ചെറിയനാട് ദേവസ്വം പാർട്ട് ടൈം തളി **ശ്രീ. ശരത്ത്** എന്നിവർ ഡ്യൂട്ടിക്ക് ഹാജരായിരുന്നെങ്കിലും അനാരോഗ്യത്തെ തുടർന്ന് ടി. ജീവനക്കാരെ 21-11-2026 ന് റിലീവ് ചെയ്ത് അയച്ചിട്ടുള്ളതും പകരം ജീവനക്കാരെ നിയോഗിക്കുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും പകരം ജീവനക്കാരെ നിയോഗിച്ചിട്ടില്ലാത്തതാണ്. കൂടാതെ സൂചന (3) ഉത്തരവ് പ്രകാരം ശബരിമല ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കിയ മൂന്ന് ജീവനക്കാർക്ക് പകരം ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിന് ബന്ധപ്പെട്ട ഗ്രൂപ്പ് മേധാവികൾക്ക് ആ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിരുന്നെങ്കിലും ജീവനക്കാർ ആരുംതന്നെ ഡ്യൂട്ടിക്കായി ഹാജരായിട്ടില്ലാത്തതാകുന്നു.

മതിയായ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ജീവനക്കാരുടെ അഭാവം മൂലം ശബരിമലയിലെ വിവിധ വഴിപാട് കൗണ്ടറുകളും ഡൊണേഷൻ കൗണ്ടറുകളും പ്രവർത്തിപ്പിക്കാൻ കഴിയാത്ത സ്ഥിതിയായതിനാൽ ആയത് ഡിപ്പാർട്ട്മെന്റിന്റെ വരുമാനചോർച്ചയ്ക്ക് ഇടവരുത്തുന്നതാണ്. ആകയാൽ കമ്പ്യൂട്ടർ കൗണ്ടറുകൾ പ്രവർത്തിപ്പിക്കുന്നതിന് നിയോഗിച്ചിരുന്ന നാളിതുവരെ സ്പെഷ്യൽ ഡ്യൂട്ടിക്ക് ഹാജരാകാത്ത ജീവനക്കാരെ അടിയന്തിരത്തിൽ റിലീവ് ചെയ്ത് അയക്കുന്നതിന് ബന്ധപ്പെട്ട് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്ക് കർശ്ശന നിർദ്ദേശം നൽകുന്നതിന് വിവരം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

എക്സിക്യൂട്ടീവ് ഓഫീസർ

1202 എം. ഇ. ശബരിമല മണ്ഡലം – മകരവിളക്ക് മഹോത്സവം കമ്പൂട്ടർ പരിജ്ഞാനമുള്ള ജീവനക്കാരിൽ സ്പെഷ്യൽ ഡ്യൂട്ടിക്കായി ഹാജരാകാത്തവരുടെ വിവരം

ക്രമനമ്പർ	പേര്	ലാവണം	ദേവസ്വം	ഗ്രൂപ്പ്
1	ശ്രീ. മോഹിത് മോഹൻ	പി.ടി.ശാന്തി	മണലിൽ	കൊല്ലം
2	ശ്രീ. അനന്ദു	പി.ടി.ശാന്തി	വെൻകുളം	വർക്കല
3	ശ്രീ. നിധിൻ	പി.ടി.ശാന്തി	പാലകുന്ന്	വർക്കല
4	ശ്രീ. സുജീഷ്കുമാർ	പി.ടി.ശാന്തി	ഉദയകുന്നം	വർക്കല
5	ശ്രീ. ഹരികൃഷ്ണൻ	പിടി. കഴകം	തിരുമുല്ലവാരം	കൊല്ലം
6	ശ്രീ. അഖിൽ	വാച്ചർ	വലിയഉദയാദിച്ചപുരം	തിരുവനന്തപുരം
7	ശ്രീ. അജാസ്	വാച്ചർ	മുഖത്തല	കൊല്ലം
8	ശ്രീ. അനൂപ്	വാച്ചർ	ഇലവുംതിട്ട	ആറന്മുള
9	ശ്രീ. ഹർഷിൻ	പി.ടി. കഴകം	പന്മന	കരുനാഗപ്പള്ളി
10	ശ്രീ. ദീപു	വാച്ചർ	ഐരൂർപുതിയകാവ്	ആറന്മുള
11	ശ്രീ. അജീഷ്	പി.ടി. തളി	പുഴിക്കുന്ന്	ആറന്മുള
12	ശ്രീ. നിധിൻ	പി.ടി. കഴകം	രാമമംഗലം	തൃക്കാരിയൂർ
13	ശ്രീ. ശങ്കരശർമ്മ	കഴകം	ചിറക്കടവ്	മുണ്ടക്കയം
14	ശ്രീ. സുധീഷ്	വാച്ചർ	മുല്ലയ്ക്കൽ	അമ്പലപ്പുഴ
15	ശ്രീ. വിനോദ്	പി.ടി.ശാന്തി	വെള്ളൂർ	നെയ്യാറ്റിൻകര
16	ശ്രീ. ഗുമേഷ്	പി.ടി.ശാന്തി	ചന്ദ്രമംഗലം	നെയ്യാറ്റിൻകര
17	ശ്രീ. വൈശാഖ് എസ്. നായർ	പി.ടി.ശാന്തി	അണികുലം	നെയ്യാറ്റിൻകര
18	ശ്രീ. സതീഷ്	വാച്ചർ	ദരണിക്കാവ്	കരുനാഗപ്പള്ളി
19	ശ്രീ. അജിൻ	പി.ടി. കഴകം	കാരേറ്റ്	വർക്കല
20	ശ്രീ. വിഷ്ണു	തകിൽ കം വാച്ചർ	വൈകുണ്ഠപുരം	ആറന്മുള
21	ശ്രീ. സജിൻ	വാച്ചർ	മലയാലപ്പുഴ	ആറന്മുള
22	ശ്രീ. അമൽ	വാച്ചർ	കവലയൂർ	വർക്കല
23	ശ്രീ. ശ്രീകാന്ത്	വാച്ചർ	പാട്ടുപുരയ്ക്കൽ	പറവൂർ

EXECUTIVE OFFICER
SABARIMALA DEVASWOM
TRAVANCORE DEVASWOM BOARD